Draft #4 of File 118680/AD A1-4/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 13-Sep-2022 12:23 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 118680/AD A1-4/2022/എ ഡി എ 1 തീയതി: 13.09.2022

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം: 15.09.2022-ന് സർവ്വകലാശാലാ ക്യാമ്പസിൽ നടക്കുന്ന D.Litt/D.Sc ബിരുദദാന ചടങ്ങ് സുഗമമായി നടത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലാ ക്യാമ്പസിൽ പ്രവേശിക്കുന്ന വാഹനങ്ങളുടെ പാർക്കിംഗ് ക്രമീകരണങ്ങൾ - സംബന്ധിച്ച്.

സൂചന :- രജിസ്ട്രാറുടെ 12.09.2022 തീയതിയിലെ രജി./2/122/2022 നമ്പർ കുറിപ്പ്.

15.09.2022-ന് സർവ്വകലാശാലാ ക്യാമ്പസിൽ നടക്കുന്ന D.Litt/D.Sc ബിരുദദാന ചടങ്ങ് സുഗമമായി നടത്തുന്നതിൻറെ ഭാഗമായി സർവ്വകലാശാലാ ക്യാമ്പസിൽ പ്രവേശിക്കുന്ന വാഹനങ്ങളുടെ പാർക്കിംഗ് സംബന്ധിച്ച്, താഴെപ്പറയുന്ന ക്രമീകരണങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തിക്കൊള്ളുന്നു.

1. ജീവനക്കാർ/അദ്ധ്യാപകർ സർവ്വകലാശാലയിൽ വരുന്നതിനായി ഉപയോഗിക്കുന്ന സ്വന്തം വാഹനങ്ങൾ 13.09.2022 മുതൽ 15.09.2022 വരെയുള്ള ദിവസങ്ങളിൽ സർവ്വകലാശാലാ ക്യാമ്പസിൽ പാർക്ക് ചെയ്യാവുന്നതാണ്. എന്നാൽ, ജീവനക്കാർ/അദ്ധ്യാപകർ സർവ്വകലാശാലയിൽ വരുന്നതിനായി ഉപയോഗപ്പെടുത്തുന്ന മറ്റ് വാഹനങ്ങൾ ബന്ധപ്പെട്ട വ്യക്തികളെ ഇറക്കിയതിന് ശേഷം SPESS ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്. ടി ദിവസങ്ങളിൽ സർവ്വകലാശാലയിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ വാഹനങ്ങളും ബന്ധപ്പെട്ട വ്യക്തികളെ ക്യാമ്പസിൽ ഇറക്കിയതിനു ശേഷം SPESS ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്

2. ജീവനക്കാർ/അദ്ധ്യാപകർ സർവ്വകലാശാലയിൽ വരുന്നതിനായി ഉപയോഗിക്കുന്ന സ്വന്തം വാഹനങ്ങൾ 15.09.2022-ന് രാവിലെ 09.30-ന് മുൻപായി സർവ്വകലാശാലാ ക്യാമ്പസിൽ പ്രവേശിക്കേണ്ടതാണ്. തുടർന്ന്, സെക്യൂരിറ്റി വിഭാഗത്തിൻറെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രസ്തുത വാഹനങ്ങൾ സർവ്വകലാശാലാ ക്യാമ്പസിൽ പാർക്ക് ചെയ്യേണ്ടതുമാണ്. അന്നേ ദിവസം രാവിലെ 9.30-ന് ശേഷം വരുന്ന എല്ലാ വാഹനങ്ങളും (ജീവനക്കാർ/അദ്ധ്യാപകർ/പൊതുജനങ്ങൾ/ വിദ്യാർത്ഥികൾ എന്നിവരുടെ വാഹനങ്ങൾ) SPESS ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ/അദ്ധ്യാപകർ/വിദ്യാർത്ഥികൾ എന്നിവരുടെ വാഹനങ്ങൾക്ക് ടി വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 118680/AD A1-4/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 13-Sep-2022 12:23 PM - Page 2